"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 26 ടെക്നിക്കൽ ഹൈസ്കൂളുകളിലെ താൽകാലിക പാർട്ട് ടൈം മലയാള അദ്ധ്യാപക തസ്തികകൾ സ്ഥിരപ്പെടുത്തിക്കൊണ്ടും O.A.(EKM) No. 749/2020, O.A.(EKM) No.484/2020 നമ്പർ ഹർജികളിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റ ഉത്തരവിലെ നിർദേശം പാലിച്ചുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ.(കൈ) നം.295/2022/HEDN തീയതി,തിരുവനന്തപുരം, 13-06-2022

പരാമർശം:-

1. സ.ഉ.(സാധാ) നം.1083/90/ഉ.വി.വ. തീയതി 07/06/1990.
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 05/03/2020, 08/03/2021, 12.08.2021, 01.01.2022 എന്നീ തീയതികളിലെ എൽ1/41685/19/ഡി.ടി.ഇ നമ്പർ കത്തുകൾ.
3. ശ്രീമതി. സൗമ്യ മോഹനൻ ഫയൽ ചെയ്ത O.A.(EKM) No. 749/2020 മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 01/11/2021ൽ പുറപ്പെടുവിച്ച വിധിന്യായം
4. ശ്രീ. മുരളി മോഹൻ ഫയൽ ചെയ്ത O.A.(EKM) No. 484/2020മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 13/12/2021ൽ പുറപ്പെടുവിച്ച വിധിന്യായം.
5. പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 11.12.2021 ലെ DGE/6368/2020-A3 നമ്പർ കത്ത്.

ഉത്തരവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 39 ടെക്നിക്കൽ ഹൈസ്കൂളുകളുണ്ട്. ഇതിൽ 13 സ്കൂളുകളിൽ പാർട്ട് ടൈം മലയാളം അദ്ധ്യാപകരുടെ സ്ഥിരം തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 26 ടെക്നിക്കൽ ഹൈസ്കൂളുകളിൽ നിലവിലുള്ള പാർട്ട് ടൈം മലയാളം താല്ക്കാലിക അദ്ധ്യാപക തസ്തികകൾ സ്ഥിരപ്പെടുത്തുന്നതിനായി പരാമർശം (2) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു. വിദ്യാഭ്യാസ വകുപ്പിലെ പാർട്ട് ടൈം ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) തസ്തികയിലെ നിയമനത്തിനായി കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ വിവിധ ജില്ലകളിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്ക് നേടിയ ശ്രീമതി.സൗമ്യ മോഹനൻ, തൃശ്ശൂർ ജില്ലയിലെ റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്ക് നേടിയ ശ്രീ.മുരളി മോഹൻ എന്നിവർ പ്രസ്തുത ജില്ലകളിലെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്ന വിഷയത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ O.A.(EKM) No. 749/2020, O.A.(EKM) No.484/2020 നമ്പർ ഹർജികൾ ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജികളിൽ പരാമർശം (3),(4) പ്രകാരം ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച 05/03/2020 ലെ അപേക്ഷ പരിഗണിച്ച് ടെക്നിക്കൽ ഹൈസ്കൂളുകളിൽ പാർട്ട് ടൈം എച്ച്.എസ്.എ (മലയാളം) തസ്തികകൾ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് ഉചിതമായ തീരുമാനം കൈകൊള്ളുവാനും ആയത് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാനുള്ള അനുവാദം നൽകുവാനും സർക്കാരിന് നിർദേശം നൽകിയിട്ടുണ്ട്.

2) പരാമർശം (1) ലെ ഉത്തരവ് പ്രകാരം ടെക്നിക്കൽ ഹൈസ്കൂളുകളിലെ താത്കാലിക തസ്തികകൾക്ക് തുടർച്ചാനുമതി നൽകുകയും പ്രസ്തുത തസ്തികകൾ 5 വർഷത്തിനു ശേഷം ചട്ടപ്രകാരം സ്ഥിരപ്പെടുത്തുകയും ചെയ്യുമെന്ന് ഉത്തരവായിരുന്നു. ടെക്നിക്കൽ ഹൈസ്കൂളുകളിൽ മലയാളം പീരിയഡുകൾ ആഴ്ചയിൽ 5 ദിവസമാക്കി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും എന്നാൽ താൽക്കാലിക തസ്തികകളെ സ്ഥിരം തസ്തികകളാക്കിക്കൊണ്ട് ഉത്തരവുണ്ടായിട്ടില്ലാത്തതിനാൽ താൽക്കാലിക ഗസ്റ്റ് നിയമനമാണ് ഇപ്പോഴും ഈ

സ്ഥാപനങ്ങളിൽ തുടരുന്നത് എന്നും ആയതിനാൽ 26 സ്ഥാപനങ്ങളിലും ഇപ്പോൾ ഉള്ള താൽകാലിക പാർട്ട് ടൈം മലയാള അദ്ധ്യാപക തസ്തികകളെ സ്ഥിരം തസ്തികകളായി അനുവദിക്കണമെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. സ്ഥിരം തസ്തിക അനുവദിക്കുമ്പോൾ നിലവിലെ താൽകാലിക തസ്തികയിലെ ജീവനക്കാർക്കായി ചെലവാക്കുന്ന തുക കിഴിച്ച് 62,46,760/- മാത്രമാണ് അധിക വാർഷിക സാമ്പത്തിക ബാധ്യതയുണ്ടാകുന്നത് എന്നും അറിയിച്ചിട്ടുണ്ട്.

3) ടെക്നിക്കൽ ഹൈസ്കൂളുകളിലെ പാർട്ട് ടൈം തസ്തികകൾ സ്ഥിരപ്പെടുത്താത്തതിനാൽ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലായെന്നും അദ്ധ്യയന താല്പര്യം പരിഗണിച്ച് തസ്തികകൾ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം 5 കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 26 ടെക്നിക്കൽ ഹൈസ്കൂളുകളിലെ താൽകാലിക പാർട്ട് ടൈം മലയാള അദ്ധ്യാപക തസ്തികകൾ സ്ഥിരപ്പെടുത്തിക്കൊണ്ടും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) (4) ഉത്തരവിലെ നിർദ്ദേശം പാലിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. വേണു വി ഐഎഎസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ് :-
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്//എ&ഇ), തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ വകുപ്പ്
ധനകാര്യ വകുപ്പ് (24.03.2022 — ലെ 1839193/വിദ്യ-സി2/272/2021-ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
പൊതു ഭരണ (എസ്.സി) വകുപ്പ് (08.06.2022- ലെ ഇനം നം. 800 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി
www.highereducation.kerala.gov.in
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-06-2022

ഫയൽ നം. ജെ3/126/2020/ഉ.വി.വ. ഇനം നം: 800

വിഷയം : ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂളുകളിലെ താല്ക്കാലിക പാർട്ട് ടൈം മലയാള അദ്ധ്യാപക തസ്തികകൾ സ്ഥിരപ്പെടുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

Office of the Additional Chief Secretary
Higher Education & Environment Departments
09/6/22

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | നമ്പർ. ജെ3/126/2020/ഉ.വി.വ |
| 2 | വകുപ്പ് | ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ് |
| 3 | വിഷയം | ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂളുകളിലെ താല്ക്കാലിക പാർട്ട് ടൈം മലയാള അദ്ധ്യാപക തസ്തികകൾ സ്ഥിരപ്പെടുത്തുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 16/04/22 |
| 5 | (i)ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>അതെ |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, പൊതു വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. സി. അജയൻ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു. വി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 02/06/22 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 04/06/22 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ഡോ. ആർ.ബിന്ദു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 04/06/22 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 07/06/22 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 26 ടെക്നിക്കൽ ഹൈസ്കൂളുകളിലെ താല്കാലിക പാർട്ട് ടൈം മലയാള അദ്ധ്യാപക തസ്തികകൾ (പാർട്ട് ടൈം ഹൈസ്കൂൾ അസിസ്റ്റന്റ്) സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചതാണ് കുറിപ്പിലെ വിഷയം.

2) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 39 ടെക്നിക്കൽ ഹൈസ്കൂളുകളുണ്ട്. ഇതിൽ 13 സ്ഥാപനങ്ങളിൽ മാത്രമാണ് പാർട്ട് ടൈം മലയാളം അദ്ധ്യാപകരുടെ സ്ഥിരം തസ്തികകൾ അനുവദിച്ചിട്ടുള്ളത്. 31.07.1997-ലെ സ.ഉ. (കൈ) നം. 99/97/ഉവിവ ഉത്തരവ് പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലനിന്നിരുന്ന Pre Vocational Training Course (PVTC) നിർത്തലാക്കിയതിനെ തുടർന്ന് 12 ടെക്നിക്കൽ സ്കൂളുകളിൽ ടി കോഴ്സിനായി അനുവദിച്ചിരുന്ന ഇൻസ്ട്രക്ടർ ഇൻ ഹ്യൂമാനിറ്റീസ് തസ്തിക നീക്കം ചെയ്യുകയും പകരം ടെക്നിക്കൽ ഹൈസ്കൂളുകളിലേക്ക് പാർട്ട് ടൈം മലയാളം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. കൂടാതെ 01.07.1981 - ലെ സ.ഉ. (കൈ) നം. 114/81/ഉവിവ ഉത്തരവ് പ്രകാരം സുൽത്താൻബത്തേരി ടെക്നിക്കൽ സ്കൂളിന് 1 പാർട്ട് ടൈം മലയാളം അദ്ധ്യാപക തസ്തിക സൃഷ്ടിക്കുകയും ചെയ്തു. ഇപ്രകാരമാണ് 13 സ്ഥിരം തസ്തികകൾ ഉണ്ടായതെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി 26 ടെക്നിക്കൽ ഹൈസ്കൂളുകളിൽ താത്കാലിക തസ്തികകളാണ് നിലവിലുള്ളത്.

3) കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ കാറ്റഗറി നം.272/2017 പ്രകാരം 25.09.2019 തീയതി പ്രാബല്യത്തിൽ വിദ്യാഭ്യാസ

വകുപ്പിലെ പാർട്ട് ടൈം ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) തസ്തിക (എറണാകുളം ജില്ല) യിലെ നിയമനത്തിനായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്ക് നേടിയ ശ്രീമതി.സൗമ്യ മോഹൻ എറണാകുളം ജില്ലയിലെ ടെക്നിക്കൽ ഹൈസ്കൂളുകളിലെ പാർട്ട് ടൈം മലയാളം ഹൈസ്കൂൾ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ OA(EKM) No. 749/2020 ഫയൽ ചെയ്തിരുന്നു. ടി കേസിൽ 7-ാം എതിർകക്ഷിയായ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സമർപ്പിച്ച എതിർവാദപത്രികയിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധിയ്ക്കുള്ളിൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളിലേയ്ക്കാണ് ലിസ്റ്റ് തയ്യാറാക്കിയതെന്നും നിയമനാധികാരി വേക്കൻസികൾ റിപ്പോർട്ട് ചെയ്യാത്ത സാഹചര്യത്തിൽ റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ നിയമനം ഒന്നും നൽകിയിട്ടില്ല എന്നും 03/10/2019 - ൽ പ്രസിദ്ധികരിച്ച പാർട്ട് ടൈം മലയാളം എച്ച്.എസ്.എ റാങ്ക് ലിസ്റ്റിന്റെ കാലാവധി 24/09/2022 ൽ അവസാനിക്കും എന്നും അറിയിച്ചിരുന്നു.

4) 07/06/1990 - ലെ സ.ഉ. (സാധാ) നം. 1089/90/ഉ.വി.വ ഉത്തരവ് പ്രകാരം ടെക്നിക്കൽ ഹൈസ്കൂളുകളിലെ താത്കാലിക തസ്തികകൾക്ക് തുടർച്ചാനുമതി നൽകുകയും പ്രസ്തുത തസ്തികകൾ 5 വർഷത്തിനു ശേഷം ചട്ടപ്രകാരം സ്ഥിരപ്പെടുത്തുകയും ചെയ്യുമെന്ന് ഉത്തരവായിരുന്നു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, ടി കേസിൽ 01.11.2021 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവിൽ 05/03/2020 ലെ കത്ത് പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച

അപേക്ഷ പരിഗണിച്ച് ടെക്നിക്കൽ ഹൈസ്കൂളിലെ പാർട്ട് ടൈം ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) തസ്തികകൾ സ്ഥിരം തസ്തികകളാക്കി മാറ്റുന്നതിനും ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഉചിത തീരുമാനം എടുക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ സർക്കാരിന് നിർദേശം നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പാർട്ട് ടൈം ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) തസ്തികയിലേക്ക് നിയമനത്തിനുള്ള റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്ക് നേടിയ ശ്രീ.മുരളി മോഹൻ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) No.483/2021 നമ്പർ ഹർജിയിലെ 13.12.2021 ലെ ഉത്തരവിലും ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സമാന നിർദേശം നൽകിയിട്ടുണ്ട്.

5) ജി.ഒ (എം.എസ്) നം.216/87/ഉവിവ, തീയതി: 05.08.1987, ജി.ഒ (ആർ.റ്റി) നം.1354/88/ഉവിവ, തീയതി:29.07.1988, ജി.ഒ (ആർ.റ്റി) നം.644/89/ഉവിവ, തീയതി:17.04.1989, ജി.ഒ (ആർ.റ്റി) നം.1083/90/ഉവിവ, തീയതി:07.06.1990, ജി.ഒ (ആർ.റ്റി) നം.1059/92/ഉവിവ, തീയതി:13.07.1992, ജി.ഒ (ആർ.റ്റി) നം.110/97/ഉവിവ, തീയതി:31.01.1997 ഉത്തരവുകൾ പ്രകാരം ടെക്നിക്കൽ ഹൈസ്കൂളുകളിൽ താല്ക്കാലിക എച്ച്.എസ്.റ്റി തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നും തസ്തിക അനുവദിച്ച് 5 വർഷം പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി തസ്തിക സ്ഥിരപ്പെടുത്തുമെന്ന് ഉത്തരവായിരുന്നുവെന്നും എന്നാൽ ടെക്നിക്കൽ ഹൈസ്കൂളുകളിലെ പാർട്ട് ടൈം തസ്തികകൾ സ്ഥിരപ്പെടുത്താത്തതിനാൽ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലായെന്നും അദ്ധ്യയന താല്പര്യം പരിഗണിച്ച് തസ്തികകൾ

സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

6) ടെക്നിക്കൽ ഹൈസ്കൂളുകളിൽ മലയാളം പീരിയഡുകൾ ആഴ്ചയിൽ 5 ദിവസമാക്കി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും എന്നാൽ താൽക്കാലിക തസ്തികകളെ സ്ഥിരം തസ്തികകളാക്കിക്കൊണ്ട് ഉത്തരവുണ്ടായിട്ടില്ലാത്തതിനാൽ താൽക്കാലിക ഗസ്റ്റ് നിയമനമാണ് ഇപ്പോഴും ഈ സ്ഥാപനങ്ങളിൽ തുടരുന്നത് എന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയുണ്ടായി. സ്ഥിരം തസ്തിക അനുവദിക്കുമ്പോൾ നിലവിലെ താൽകാലിക തസ്തികയിലെ ജീവനക്കാർക്കായി ചെലവാക്കുന്ന തുക കിഴിച്ച് 62,46,760/- മാത്രമാണ് അധിക വാർഷിക സാമ്പത്തിക ബാധ്യതയുണ്ടാകുന്നത് എന്നും അറിയിച്ചിട്ടുണ്ട്.

7) ടെക്നിക്കൽ ഹൈസ്കൂളിലെ പാർട്ട് ടൈം ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) തസ്തികകൾ സ്ഥിരം തസ്തികകളാക്കി മാറ്റുന്ന വിഷയത്തിൽ ധനവകുപ്പ് ചുവടെ ചേർക്കും വിധം അഭിപ്രായം രേഖപ്പെടുത്തി.

**"ടെക്നിക്കൽ ഹൈസ്കൂളുകളിലെ താല്ക്കാലിക പാർട്ട് ടൈം (മലയാളം) അദ്ധ്യാപക തസ്തികകൾ സ്ഥിരം തസ്തികകളാക്കുന്നതു സംബന്ധിച്ച ശുപാർശ തല്ക്കാലം പരിഗണിക്കുവാൻ നിർവാഹമില്ല."**

8) 07/06/1990 - ലെ സ.ഉ. (സാധാ) നം. 1089/90/ഉ.വി.വ ഉത്തരവും ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിർദേശവും പി.എസ്.സി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിലെ ഒന്നാം റാങ്ക് നേടിയ

ഉദ്യോഗാർത്ഥികൾക്ക് പോലും നിയമനം ലഭിക്കാത്ത സാഹചര്യവും കണക്കിലെടുത്ത് വിഷയം പുന:പരിശോധിക്കുന്നതിനായി ഫയൽ വീണ്ടും ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി മുഖേന ധനകാര്യവകുപ്പിലേക്ക് അയച്ചിരുന്നു. പ്രസ്തുത വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

**"1731974/ഉ.വി.വ-ജെ2/35/2021-ഉ.വി.വ നം. ഭരണവകുപ്പ് ഫയലിൽ ധനകാര്യ വകുപ്പ് 12-02-2022-ൽ നൽകിയ അഭിപ്രായത്തിൽ ഉറച്ച് നിൽക്കുന്നു."**

9) 07/06/1990 - ലെ സ.ഉ. (സാധാ) നം. 1089/90/ഉ.വി.വ ഉത്തരവ് പ്രകാരം ടെക്നിക്കൽ ഹൈസ്കൂളുകളിലെ താല്ക്കാലിക തസ്തികകൾ 5 വർഷത്തിനു ശേഷം സ്ഥിരപ്പെടുത്തുമെന്ന് സർക്കാർ ഉത്തരവായിരുന്നു. സംസ്ഥാനത്തെ 13 ടെക്നിക്കൽ ഹൈസ്കൂളുകളിൽ മാത്രം സ്ഥിരം തസ്തികകൾ അനുവദിക്കുകയും മറ്റുള്ള എല്ലാം സ്ഥാപനങ്ങളിലും അവ താത്കാലിക തസ്തികകളാക്കി നിലനിർത്തുകയും ചെയുന്നത് വിമർശന വിധേയമാക്കിയിരിക്കുകയാണ്. മാതൃഭാഷ പഠിപ്പിക്കുന്നതിന് ടെക്നിക്കൽ ഹൈസ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകൻ ആവശ്യമാണ്. കൂടാതെ വിവിധ ജില്ലകളിലേക്ക് പി.എസ്.സി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ടെക്നിക്കൽ ഹൈസ്കൂളുകളിലെ താത്കാലിക തസ്തികകൾ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് നിരവധി അപേക്ഷകൾ സർക്കാരിൽ നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്ക് നേടിയ ഉദ്യോഗാർത്ഥിക്ക് പോലും നിയമനം ലഭിക്കാത്ത സ്ഥിതിയാണ്. ഇവരിൽ പലരും പി.എസ്.സി പരീക്ഷ എഴുതുന്നതിന് പ്രായപരിധി കഴിഞ്ഞവരുമാണ്. ആയതിനാൽ ടെക്നിക്കൽ ഹൈസ്കൂളുകളിലെ പാർട്ട് ടൈം മലയാള അദ്ധ്യാപക

തസ്തികകൾ സ്ഥിരപ്പെടുത്തേണ്ടത് അനിവാര്യമാണ്.

10) പ്രസ്തുത വിഷയം സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

**"കെ.ഇ.ആർ അദ്ധ്യായം 23 ചട്ടം 6 ഡി പ്രകാരം പാർട്ട് ടൈം തസ്തിക അനുവദിക്കുന്നതിന് 5 മുതൽ 15 വരെ പിരീഡ് ലഭ്യമെങ്കിൽ പാർട്ട് ടൈം എച്ച് .എസ് .എ (മലയാളം) തസ്തിക അനുവദിക്കാവുന്നതാണ് .**

എന്നാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയവും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റുമായി ബന്ധപ്പെട്ടപ്പോൾ ടെക്നിക്കൽ ഹൈസ്കൂളിൽ കെ.ഇ.ആർ ചട്ടപ്രകാരമല്ല തസ്തിക അനുവദിക്കുന്നത് എന്ന് അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ഹൈസ്കൂൾ അധ്യാപക (മലയാളം) തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ വകുപ്പ് അവലംബിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമല്ല എന്ന് ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

11) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ ഹൈസ്കൂളുകളിൽ 8,9,10 ക്ലാസ്സുകളിലെ ഇംഗ്ലീഷ് , മലയാളം, കണക്ക് , ഫിസിക്സ്, കെമിസ്ട്രി, സോഷ്യൽ സയൻസ് , ഐടി എന്നീ വിഷയങ്ങളുടെ അധ്യയനം പൊതു വിദ്യാഭ്യാസ വകുപ്പിന് ബാധകമായ KER ചട്ട പ്രകാരമാണ് പ്രവർത്തിക്കുന്നതെന്നും 10/09/2012 ലെ

സർക്കാർ ഉത്തരവ് സ.ഉ (സാധാ) നം. 1889/2012/ഉ.വി.വ പ്രകാരം ടെക്നിക്കൽ ഹൈസ്കൂളുകളിൽ മലയാള ഭാഷ പഠനത്തിന് ആഴ്ചയിൽ 12 പീരീയഡാക്കി ഉയർത്തിട്ടുണ്ടെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിവിധ ടെക്നിക്കൽ ഹൈസ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിനുസരിച്ചാണ് ബാച്ചുകൾ തീരുമാനിക്കുന്നത്. 8 ാം ക്ലാസ്സിൽ 30 മുതൽ 60 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ ഒരു ബാച്ചും 60 ന മുകളിൽ 120 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ 2 ബാച്ചുകളുമാണ് ഉണ്ടാവുക. ഇത്തരത്തിൽ 8,9,10 ക്ലാസ്സുകൾ കണക്കിലെടുക്കുമ്പോൾ 3 മുതൽ 6 ബാച്ചുകൾ വരെയാണ് ഉണ്ടാവുക. ഒരു ക്ലാസ്സിന് ഒരു ആഴ്ചയിൽ 4 മലയാളം പിരിയഡുകളാണ് അനുവദിച്ചിട്ടുള്ളത്. ഇത് പ്രകാരം ഒരു ബാച്ച് (30-60 വരെ കുട്ടികൾ) 8,9,10 ക്ലാസ്സുകൾ ഉള്ള സ്കൂളുകളിൽ ആഴ്ചയിൽ 12 പിരിയഡുകളും രണ്ട് ബാച്ചുകളുള്ള സ്കൂളുകളിൽ 8,9,10 ക്ലാസ്സുകൾക്ക് ആഴ്ചയിൽ 24 പിരിയഡുകളുമാണ് മലയാളത്തിനായി അനുവദിക്കപ്പെട്ടിട്ടുള്ളത് എന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ തസ്തികകൾ സൃഷ്ടിക്കേണ്ട 26 സ്കൂളുകളിൽ 12 എണ്ണം എല്ലാം ക്ലാസ്സിലും 2 ബാച്ച് വിധം കുട്ടികൾ ഉള്ളവയാണ്. ഈ ജോലിഭാരം ക്രമീകരിക്കുന്നതിനായാണ് പാർട്ട് ടൈം മലയാളം അധ്യാപക തസ്തികകൾ അനുവദിച്ച നൽകുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുള്ളത്.

12) ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

## തീരുമാനമെടുക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് കൊണ്ട് ടെക്നിക്കൽ ഹൈസ്കൂളുകളിലെ താല്ക്കാലിക തസ്തികകൾ 5 വർഷത്തിനുശേഷം സ്ഥിരപ്പെടുത്തുമെന്ന സർക്കാർ ഉത്തരവുകളുടെയും OA(EKM) No. 749/2020, OA(EKM) No. 483/2021 നമ്പർ ഹർജികളിലെ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് 26 ടെക്നിക്കൽ ഹൈസ്കൂളുകളിലെ പാർട്ട് ടൈം (മലയാളം) അദ്ധ്യാപക തസ്തികകൾ സ്ഥിരം തസ്തികകളായി മാറ്റുന്നതിന് അനുമതി നൽകാവുന്നതാണോ?